(ബി) പഞ്ചായത്തുകളുടെ തീരുമാനങ്ങളും കക്ഷികളുടെ വിഭിന്ന താൽപ്പര്യങ്ങളുടെ സമ്മർദ്ദത്തിൽ നിന്നു് വിമുക്തമായ രീതിയിൽ നടപ്പിൽ വരുത്തുന്നതിനും കണക്കുകളും ശരിയായി സൂക്ഷിക്കുന്നതിനും പഞ്ചായത്തുകളുടെ പൊതുനന്മയെ ലക്ഷ്യമാക്കി ഉത്തരവാദപ്പെട്ട ഒരു ഉദ്യോഗസ്ഥനെന്ന നിലയിൽ പ്രവർത്തിക്കുന്നതിനും ആകുന്ന മേൽപ്പറഞ്ഞ നിയമനംകൊണ്ടു് ഉദ്ദേശിക്കുന്നതു്.

തുഞ്ചിവപേരൂർ പഞ്ചായത്തുകൾ

* 656. [38] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തുഞ്ചിവപേരൂർ ഡിസ്ട്രിക്ടിൽ പ്രസിഡണ്ടു് സ്ഥാനം ഒഴിവായിക്കിടക്കുന്ന പഞ്ചായത്തുകൾ ഏതൊക്കെയാണു്;

(ബി) പുത്തൻചിറ പഞ്ചായത്തു് പ്രസിഡണ്ടു് സ്ഥാനം ഒഴിവായിട്ടു് കാലം എത്രയായി;

(സി) പ്രസിഡണ്ടു് തെരഞ്ഞെടുപ്പിൽ കാലതാമസം വരുത്തിയതിനു് ഉത്തരവാദി ആരാണു്?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ചെങ്ങമനാടു്, പട്ടഞ്ചേരി ഈ രണ്ടു പഞ്ചായത്തുകളിൽ പ്രസിഡൻണ്ടു് സ്ഥാനം ഒഴിവായിക്കിടക്കുന്നു.

(ബി) പുത്തൻചിറ പഞ്ചായത്തിൽ ഇപ്പോൾ പ്രസിഡണ്ടു് സ്ഥാനം ഒഴിവില്ല.

(സി) ഇലക്ഷൻ കമ്മീഷന്റെ മുമ്പിലുണ്ടായിരുന്ന പരാതികളെക്കുറിച്ചു് തീരുമാനം എടുക്കേണ്ടിയിരുന്നതുകൊണ്ടാണു് കാലതാമസം വന്നതു്.

താലൂക്കുകളിലും വില്ലേജാഫീസുകളിലും ഉള്ള ഉദ്യോഗസ്ഥന്മാർ.

* 657. [41] ശ്രീ. കെ. എസ്സു്. കൃഷ്ണശാസ്ത്രി: താഴെ കാണുന്ന ചോദ്യത്തിനു് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

1098-ൽ ഉണ്ടായ ലാൻഡ് റവന്യൂ ദേവസ്വം വിഭജനത്തിനുശേഷം താലൂക്കുകളിലും വില്ലേജാഫീസുകളിലും കൂടുതൽ സ്റ്റാഫിനെ സ്ഥിരം സർവ്വീസിൽ നിയമിച്ചിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ): നിയമിച്ചിട്ടുണ്ടു്.

Grants to Panchayats.

*658. [43] **Shri V. V. Sebastian:** Will the Minister for Local Self Government be pleased to state:

(a) what is the total amount of grant paid by Government to the various Panchayats in the State under Section 55, sub-section (3) of the Panchayats Act from 1-4-1954 up till 14-2-1955; and

LIBRARY ARCHIVES Kerala Legislative Assembly

(b) what is the balance amount available for this purpose out of the budgeted amount on 14-2-1955 ?

Minister for Local Self Government (**Shri K. Kochukuttan**): (a) No grant has been given under Section 55 (3) of the Panchayats Act.

(b) No specific provision was made in the Budget for 1954-55 for this purpose. Hence the question of balance does not arise.

കാളനൈസേഷൻ സ്കീം.

* 659. [45] ശ്രീ. ബി. ബി. പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാളനൈസേഷൻ സ്കീം അനുസരിച്ച് സംസ്ഥാനത്ത് ആകെ എത്ര വീടുകൾ പണി തീർത്തിട്ടുണ്ട് ;

(ബി) ഇവയിൽ എത്ര വീടുകളിൽ ഇപ്പോൾ താമസമുണ്ട് ;

(സി) എങ്ങനെയുള്ള ആളുകൾക്കാണ് ഇത്തരം വീടുകൾ വിതരണം ചെയ്യുന്നത് ;

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ എ. റഹിം) :

(എ) കാളനൈസേഷൻ സ്കീം അനുസരിച്ച് ഇവിടെ വീടുകൾ പണിതീർത്തിട്ടില്ല. ഹൌസിംഗ് സ്കീം അനുസരിച്ചാണ് വീടുകൾ പണിതീർത്തിട്ടുള്ളത്. അങ്ങനെ 524 വീടുകൾ പണിതീർത്തിട്ടുണ്ട്.

(ബി) 430 വീടുകളിൽ താമസമുണ്ട്.

(സി) കർഷകത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, മുനിസിപ്പൽത്തൊഴിലാളികൾ, വ്യാവസായികത്തൊഴിലാളികൾ എന്നിവർക്കാണ് വീടുകൾ നൽകി വരുന്നത്.

മത്സ്യത്തൊഴിലാളികൾ.

* 660. [51] ശ്രീ. കെ. പി. ഗോപാലമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യവും, സാമ്പത്തികവും ആയ പ്രശ്നങ്ങളെപ്പറ്റി അന്വേഷിച്ച് മത്സ്യത്തൊഴിലിനെ പോഷിപ്പിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളി പ്രതിനിധികളടങ്ങിയ ഒരന്വേഷണക്കമ്മിറ്റിയെ നിയമിക്കേണ്ടതാണെന്നും മത്സ്യത്തൊഴിലാളി സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെൻറ് ഇക്കാര്യത്തിൽ എന്തു നടപടിയാണ് കൈക്കൊള്ളുവാൻ തീരുമാനിച്ചിരിക്കുന്നത് ;

(സി) അങ്ങനെ ഒരു കമ്മിറ്റി നിയമിക്കുന്നപക്ഷം ഒരു അന്യോന്യസ്ഥനെ അതിന്റെ അദ്ധ്യക്ഷനായി നിശ്ചയിക്കുന്നതിനു ശ്രദ്ധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly